29
ജൂലൈ 2023
ശനി
Pages- 7
Vol. 2 Issue 176

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
545



# സന്യാസികളാകാൻ താൽപര്യപ്പെട്ട പെൺകുട്ടികൾ പൊലിസ് കസ്റ്റഡിയിൽ


ജാബുവ ജില്ലയിലെ
കത്തോലിക്കാ വിദ്യാലയ
ത്തിന്റെ ഹോസ്റ്റലിൽ നിന്നു
പെൺകുട്ടികളെ കസ്റ്റഡിയി
ലെടുക്കുകയായിരുന്നു

പേജ്
3 കാണുക

## ഹിമാലയത്തിൽ 600 ദശലക്ഷം വർഷം പഴക്കമുള്ള സമുദ്രജലം കണ്ടെത്തി ഗവേഷകർ

www.christianlive.in cnl7news@gmail.com +91 98465 52220

## എഡിറ്റോറിയൽ
## ക്രിസ്ത്യൻ ലൈവ്



2023 ജൂലൈ 29 ശനി

# പേടിക്കാൻ തയ്യാറാവുക

ഒരു ദിനപത്രത്തിൽ ‘പേടിക്കാൻ തയ്യാറാണോ’ എന്ന തലക്കെട്ടു കണ്ടു അതെന്താണെന്നു ശ്രദ്ധിച്ചു. ഹൊറർ സിനിമകളുടെ തലതൊട്ടപ്പൻ എന്നറിയപ്പെടുന്ന എക്സോസിസ്റ്റ് പരമ്പരകളിൽ നിന്നും ‘ദ എക്സോസിസ്റ്റ്: ബിലീവർ’ എന്ന പുതിയൊരു സിനിമ തിയറ്ററുകളിലെത്തുന്നു എന്ന ന്യൂസ് ആയിരുന്നു അത്. 1973ൽ ആയിരുന്നു എക്സിസോസിസ്റ്റ് ആദ്യമായി പുറത്തിറങ്ങിയത്.

ആധുനികയുഗത്തിൽ വിവിധയിനം ‘ഫോബിയ’ കൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. അതിൽ നിന്നു വ്യക്തികളെ കരകയറ്റുന്നതിനു വിവിധയിനം സൈക്കോളജിക്കൽ തെറാപ്പികളും സൈക്കോളജിസ്റ്റുകളും കൗൺസലിങ്ങും കൗൺസിലേഴ്സും സ്കൂൾതലത്തിൽ വരെ ഉള്ളപ്പോൾ പേടിപ്പിക്കാനായി ഹൊറർ സിനിമകൾ വരുന്നത്/ വന്നുകൊണ്ടിരിക്കുന്നു എന്ന വിശകലനം വൈരുദ്ധ്യാത്മകമായി തോന്നി. അതിനാൽ ഞാൻ ഇതേക്കുറിച്ചു ഒരു പഠനാപഗ്രഥനം നടത്തി.

1896ൽ റിലീസ് ചെയ്ത ‘ദ് ഹൗസ് ഓഫ് ദ ഡെവിൾസ്’ ആയിരുന്നു ആദ്യത്തെ ഹൊറർ മൂവി എന്നു പറയപ്പെടുന്നു. ഭൂതങ്ങൾ, പ്രേതങ്ങൾ, മന്ത്രവാദിനികൾ, തലയോട്ടികൾ, പിശാചായി മാറുന്ന പ്രേതബാധയുള്ള കോട്ടക്കൊത്തളം എന്നിങ്ങനെ അയാഥാർത്ഥ്യ വിഭാവനകൾ തുന്നിച്ചേർത്തതായിരുന്നു ആ സിനിമ. നാടോടികെട്ടുകഥകൾ, ഐതിഹ്യങ്ങൾ; മരണം, മരണാനന്തര ജീവിതം, ദുഷ്ടത അഥവാ തിന്മ, ദുഷ്ടശക്തികൾ, വ്യക്തികളിൽ പരിവർത്തിക്കുന്ന ദുരാത്മാക്കൾ, തിന്മയുടെ തത്വങ്ങൾ, ദുർവ്യാപാരങ്ങൾ എന്നിവയെ ക്രോഡീകരിച്ചും സ്വാംശീകരിച്ചും ആണ് ഇത്തരം സിനിമകളുടെ കഥാതന്തുക്കൾ രൂപപ്പെടുന്നത്. ഭൂതങ്ങൾ, മന്ത്രങ്ങൾ മന്ത്രവാദികൾ, രക്തരക്ഷസ്, സാങ്കല്പികവികൃത ജന്തുക്കൾ (werewolves), അദൃശ്യശക്തികൾ, ദുരാത്മാക്കൾ എന്നിവ ഇല്ലാതെ എന്തു ഹൊറർ സിനിമ? 1897ൽ ബ്രോം സ്റ്റോക്കർ എഴുതിയ ഡ്രാക്കുള ഈ സങ്കല്പങ്ങൾ എല്ലാം ചേർന്ന ഹൊറർ നോവൽ ആയിരുന്നു. അതിനെ ഹൊറർ, ഗോഥിക്ക് ഫിക്ൾഷൻ, എപ്പിസ്റ്റോലറി നോവൽ, ഫാന്റസി ഫിക്ൾഷൻ എന്നീ വിഭാഗങ്ങളിലാണു ഉൾപ്പെടുത്തിയിരിക്കുന്നത്. തുടർന്നു ഇതേ ഇതിവൃത്തത്തിൽ ധാരാളം ഫിക്ൾഷനുകൾ പുറത്തുവന്നു, ഒപ്പം ഹൊറർ സിനിമകളും. അടുത്തതു Scary movies ന്റെ പിറവിയായിരുന്നു. ‘സിനിസ്റ്റർ’ ആണു ഏറ്റവും ഭീതിദതമായ (Scariest) സിനിമയായി വിലയിരുത്തപ്പെടുന്നത്. പിന്നെ സയൻറിഫിക് ഫിക്ൾഷന്റെ (Sci-Fi) പിറവി ആയിരുന്നു. ജുറാസിക് പാർക്ക് ഏറ്റവും നല്ല ഉദാഹരണമാണ്. ഇന്നു "Sci-Fi" കളുടെ ഇതിവൃത്തം തന്നെ മാറുകയാണ്. UFO, Aliens, Demonic, Residential Evil, The Predator എന്നീ പേരുകൾ കേൾക്കുമ്പോൾ തന്നെ ഇതിവൃത്തം ഏകദേശം മനസ്സിലാകുമല്ലോ. സയന്റിഫിക്ൾ സൂപ്പർസ്റ്റിഷനും മറ്റൊരു ഇതിവൃത്തമാണ്. സുവിശേഷപ്രസംഗകർ വരെ ഏലിയൻസിനെ കുറിച്ചും ഓന്തായിത്തീരുന്ന മനുഷ്യരെക്കുറിച്ചും നേരം കഴിയുമ്പോൾ വീണ്ടും ഓന്തായി മാറുകയും ചെയ്യുന്ന കെട്ടുകഥകൾ പ്രസംഗിക്കുമ്പോൾ സയൻറിഫിക് സൂപ്പർസ്റ്റിഷൻ എത്ര ആഴത്തിൽ വേരോടിയിരിക്കുന്നു എന്നു മനസ്സിലാക്കാം. തെറ്റു തിരുത്തുവാനും അവർ തയ്യാറാകുന്നില്ല.

1997 മുതൽ 2007 വരെ കുട്ടികളെ ലക്ഷ്യമിട്ടു പ്രസിദ്ധീകരിച്ചുതുടങ്ങിയ ഹാരി പോട്ടർ സീരീസ് ലോകത്തെ ഇളക്കിമറിച്ചു. Wizard, Philosopher's stone, Sorcerer's stone, Hogwart, Alchemy, Enlightenment, Fiction, Adventure എന്നീ വാക്കുകൾ കൊണ്ട് റൗളിങ് അമ്മാനമാടി.
ദരിദ്രനാരായണി ആയിരുന്ന അവർ ഏകദേശം 1.2 ബില്യൺ ഡോളർ ആസ്തിയുള്ളവളായി മാറി. ഇത്തരം നോവലുകളും സിനിമകളും സാത്താനെ വാഴ്ത്തപ്പെടുന്നതു ആണല്ലോ.

ഹാരി പോട്ടർ കാലയളവിൽത്തന്നെ മൊബൈൽ ഗെയ്ംസിന്റെ തുടക്കം കുറിച്ചു. IT ഫീൽഡും,
മൾട്ടിമീഡിയയും ചേർന്നു ധാരാളം ഗെയ്ംസ് ഡെവലപ് ചെയ്തു. 1997ൽ ‘നോക്കിയ’ ഫോണിൽ വന്ന Snake ആയിരുന്നു പ്രീലോഡ് ചെയ്യപ്പെട്ട ആദ്യ മൊബൈൽ ഗെയിം. ഇന്നു വ്യാപകമായി ധാരാളം ഓൺലൈൻ ഗെയ്ംസ് ഉണ്ട്. ഓൺലൈൻ റമ്മി ഗെയിം, മരണത്തെ ചാലകശക്തിയായി ഉപയോഗിക്കുന്ന ഡെത്ത് പോസിറ്റീവ് വീഡിയോ ഗെയ്ംസ്, ഒക്കെ ഇന്നു സുലഭം. Blue Whale Challenge പോലെയുള്ള ‘ഡിസ്ട്രിക്റ്റീവ് ഗെയ്ംസ്’ എത്ര ജീവനുകൾ അപഹരിച്ചിരിക്കാം. ഹാലോവീൻ സീസണിൽ കളിക്കുവാനായി തയ്യാറാക്കപ്പെട്ടു 2020 സെപ്റ്റംബറിൽ പുറത്തിറങ്ങിയ ഗോസ്റ്റ് ഹണ്ടിങ് ഗെയിംപ്ലേ ആയ ‘ഫാസ്മോഫോബിയ’ പ്രചുരപ്രചാരം നേടുകയാണ്. Anxitey, Panic, Horror എന്നിവ Invoke ചെയ്യുന്ന ഇത്തരം ഗെയ്ംസ് കുട്ടികളിൽ സൃഷ്ടിക്കുന്ന മാനസിക ആഘാതം വലുതാണ്. വടികൊണ്ടു അടിക്കുവാൻ അനുവാദമില്ലാത്ത ആധുനിക ശിക്ഷണക്രമത്തിൽ ഹൊറർ സിനിമകളും, Sci-Fi സിനിമകളും അപകടകരമായ ഗെയ്ംസും ആരും കണ്ടില്ലെന്നു നടിക്കുന്നു. ലോകവ്യാപകമായി 40% വരെ ആളുകൾ ഹൊറർ സിനിമകൾ കാണുന്നു എന്നാണു കണക്ക്. പ്രത്യാഘാതങ്ങൾ എത്ര വലുതായിരിക്കുമെന്നു പഠനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ദൈവഭയത്തിൽ നിന്നു ഇളം തലമുറയെ അകറ്റി അവരിൽ ഭൂതാരാധന കുത്തിവയ്ക്കുന്ന ഇത്തരം മാദ്ധ്യമങ്ങൾ സമൂഹത്തിൽ അരാജകത്വവും കെടുതിയും വാരിവിതെയ്ക്കുകയാണ്. അതിന്റെ ദുരന്തം ദുരവ്യാപകം ആയിരിക്കും. അതു അനുഭവിച്ചേ തീരൂ.



പാസ്റ്റർ സണ്ണി പി സാമുവൽ



# ‘കേരളമേ കേൾക്കൂ... ഒരു കരച്ചിൽ..‘



Sajith S Mathew

ആഗ്രഹിച്ച കളിപ്പാട്ടത്തിന് വേണ്ടിയുള്ള വാശിയുടെ കരച്ചിൽ അല്ല....
പകരം എന്നേ ഒന്നും ചെയ്യല്ലേ എന്നുള്ള ഒരു പിഞ്ചു കുഞ്ഞിന്റെ പ്രാണവേദനയുടെ കരച്ചിൽ.....

ദൈവത്തിന്റെ സ്വന്തം നാട് ഇന്ന് ദൈവം ഇല്ലാത്ത നാടായി മാറിക്കൊണ്ടിരിക്കുന്നു. മദ്യവും മയക്കുമരുന്നും വാണുകൊണ്ടിരിക്കുന്ന ഒരു കാലം. ആറ് വയസ്സുകാരിക്കും അറുപതു വയസ്സുകാരിക്കും ഈ നാട്ടിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി നിൽക്കുന്നു. മദ്യം ഒരു വ്യക്തിയുടെ ചിന്ത ശേഷികളെയും, താൻ ആരാണെന്നും തന്റെ മുന്നിൽ നിൽക്കുന്നത് ആരാണെന്നും ഉള്ള ബോധം നഷ്ടപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. ഉള്ളിൽ ചെല്ലുന്ന മഹാവിഷത്തിന്റെ ആസക്തിയിൽ, സ്വന്തം സുഖത്തിനു വേണ്ടി പിച്ചിചീന്തിയത് സ്വപ്നങ്ങൾക്ക് ചിറകുവെച്ചു പറന്നുയരുന്ന ഒരു ജീവൻ.

സോദരാ നാളെ നിന്റെ വീട്ടിലും ഇത് നടക്കാതെ ഇരിക്കണമെങ്കിൽ ഈ മദ്യം എന്ന വിപത്തിനെ നമ്മുടെ സമൂഹത്തിൽ നിന്ന് തുടച്ചുനിക്കണം. അത് മനസ്സിൽ ഉറപ്പിക്കാൻ എത്രപേക്ക് കഴിയുന്നുണ്ട്. ആ മുഴങ്ങികെട്ട പിഞ്ചുകുഞ്ഞിന്റെ കരച്ചിലും, കണ്ണിൽ നിന്ന് അടർന്നുവീണ കണ്ണുനീർതുള്ളികളും ശാപമായി പതിയാതെ ഇരിക്കാൻ ഇനിയെങ്കിലും ഒന്നായി കരം കോർത്തുപിടിച്ചു പോരാടാം.
‘തെറ്റ് ചെയ്യുന്നവരെ സംരക്ഷിക്കുന്ന നിയമമല്ല വേണ്ടത്... തെറ്റ് ചെയ്യണം എന്ന് ചിന്തിക്കുമ്പോഴേ പേടിക്കുന്ന നിയമമാണ് വേണ്ടത്.‘

പാപം ലോകത്തിൽ പെരുകിവരുന്നു, മനുഷ്യനിൽ കുടിയിരിക്കുന്ന പാപത്തെ എടുത്തുമാറ്റാതെ ലോകത്തിൽ സമാധാനം ഉണ്ടാകില്ല... ആ പാപം അവനിൽ നിന്ന് മാറണമെങ്കിൽ അവന്റെ ജീവിതത്തിൽ ലോക രക്ഷകനായ യേശുക്രിസ്തു വരണം. മാനവരാശിയുടെ പാപത്തിന് പരിഹാരമായി കാൽവറി ക്രൂശിൽ ചൊരിയപ്പെട്ട തിരുരക്തത്താൽ കഴുകപ്പെടണം... നമ്മുടെ ആത്മനാഥൻ വരാറായി.... ഒരുങ്ങിക്കൊൾക
‘മറ്റൊരുത്തനിലും രക്ഷയില്ല... രക്ഷപെടാൻ ഒരേ ഒരു നാമം, അത് യേശുക്രിസ്തുവിന്റെ നാമം.


Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
| --- | --- |
| Front – 5000 INR<br>Back – 4000 INR<br>Inside- 3000 INR | Front - 1250 INR<br>Back - 1000 INR<br>Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR<br>Back- 2000 INR<br>Inside -1500 INR | Front - 750 INR<br>Back - 500 INR<br>Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# സന്യാസിനികളാകാൻ താൽപര്യപ്പെട്ട പെൺകുട്ടികളെ കസ്റ്റഡിയിൽ



ഭോപ്പാൽ: മധ്യപ്രദേശിൽ കത്തോലിക്ക സന്യാസിനികളാകാൻ താൽപര്യം പ്രകടിപ്പിച്ച മൂന്നു ആദിവാസി പെൺകുട്ടികളെ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് കസ്റ്റഡിയിലെടുത്തു. ജൂലൈ 21നാണ് സന്യാസ ജീവിതം തെരഞ്ഞെടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ച മൂന്നുപേരെ കസ്റ്റഡിയിലെടുത്തത്. ആദിവാസികൾ ബഹുഭൂരിപക്ഷം വരുന്ന ജാബുവ ജില്ലയിലെ കത്തോലിക്കാ വിദ്യാലയത്തിന്റെ ഹോസ്റ്റലിൽ നിന്നു പെൺകുട്ടികളെ കസ്റ്റഡിയിലെടുക്കുകയായിരിന്നു. മധ്യപ്രദേശിൽ 2021 ലാണ് മതപരിവർത്തന നിയമം കൂടുതൽ കടുപ്പത്തിലാക്കി ഭേദഗതി പാസാക്കിയത്. എന്നാൽ ഈ നിയമം ക്രൈസ്തവരെ വേട്ടയാടാനുള്ള മാർഗ്ഗമായി തീവ്രഹിന്ദുത്വവാദികളും അധികാരികളും കാണുന്നുണ്ടെന്നത് ശ്രദ്ധേയമായ വസ്തുതയാണ്.

പതിനൊന്നാം ക്ലാസിൽ പഠിക്കുന്ന രണ്ട് പെൺകുട്ടികളും, പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന ഒരു പെൺകുട്ടിയും കത്തോലിക്ക സന്യാസിനികളാകാൻ ആഗ്രഹം പ്രകടിപ്പിച്ചത് ഇൻസ്പെക്ഷൻ നടത്താൻ എത്തിയ ഉദ്യോഗസ്ഥർ മതപരിവർത്തനമാണെന്ന തരത്തിൽ വ്യാഖ്യാനിക്കുകയായിരുന്നു. മൂന്നു പെൺകുട്ടികളും ഇപ്പോൾ ജില്ലാ ശിശുക്ഷേമ കമ്മിറ്റിയുടെ കസ്റ്റഡിയിലാണ്. അതേസമയം തങ്ങളുടെ മക്കളെ ഉടനെ മോചിപ്പിക്കാൻ തയ്യാറാകണമെന്ന് പെൺകുട്ടികളിൽ ഒരാളുടെ പിതാവായ പ്രകാശ് ബാരിയ, ആവശ്യപെട്ടിട്ടുണ്ട്. തങ്ങളോട് ചോദിക്കാതെ തീരുമാനമെടുത്ത അധികൃതരുടെ നടപടിയെ മറ്റു പെൺകുട്ടികളുടെ മാതാപിതാക്കളും ജാബുവയിലെത്തി ചോദ്യം ചെയ്തിരിന്നു. പൂർവികരുടെ കാലം മുതലേ തങ്ങൾ കത്തോലിക്കാ വിശ്വാസമാണ് പിന്തുടരുന്നതെന്ന് പറഞ്ഞ ബാരിയ, എന്തിനു വേണ്ടിയാണ് തങ്ങളുടെ കുട്ടികളെ കസ്റ്റഡിയിൽ വച്ചിരിക്കുന്നതെന്ന ചോദിച്ചു. സന്യാസിനിയാകുകയെന്നത് ഒരു കുറ്റകൃത്യമാണോയെന്നു മറ്റൊരു പെൺകുട്ടിയുടെ പിതാവായ സാംസൺ മകാന ചോദ്യമുയർത്തി. തങ്ങളുടെ കുട്ടികൾ അവർക്ക് സന്യാസ ജീവിതം സ്വീകരിക്കാനാണ് താല്പര്യമെന്ന് പറയുമ്പോൾ വേറെ എന്താണ് പ്രശ്നമെന്നും അദ്ദേഹം ചോദിച്ചു. കുട്ടികളെ ഇനിയും മോചിപ്പിച്ചില്ലെങ്കിൽ അധികൃതർക്കെതിരെ നിയമനടപടിക്ക് ഒരുങ്ങുമെന്നു മാതാപിതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്.

## ഇറാനിൽ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നവർക്ക് ഭീഷണിയുമായി പോലീസ്

ടെഹ്റാൻ: ഇറാനിലെ അഞ്ചു നഗരങ്ങളിലായി ഈ മാസം അറസ്റ്റിലായത് അൻപതിലധികം പരിവർത്തിത ക്രൈസ്തവർ. അറസ്റ്റിലായവരുടെ എണ്ണം ഇനിയും ഉയരുമെന്നാണ് കണക്കാക്കപ്പെടുന്നത്. പോലീസിന്റെ ഈ കിരാത നടപടിയിൽ പ്രതിഷേധം ശക്തമാണ്. ഇസ്ലാമിൽ നിന്നും ക്രിസ്തുവിനെ രക്ഷകനും നാഥനുമായി സ്വീകരിച്ചവരെ ശത്രുക്കളേപ്പോലെയാണ് ഇറാൻ ഭരണകൂടവും, ഇസ്ലാമിക് റെവല്യൂഷനും പരിഗണിച്ച് വരുന്നത്. ഷിയാ വിഭാഗത്തിൽ നിന്നും ക്രിസ്തീയ വിശ്വാസം സ്വീകരിച്ച ടെഹ്റാൻ, കാരാജ്, റാഷ്ട്, ഒരുമിയെ, അലിഗൌഡാർസ് എന്നീ നഗരങ്ങളിലുള്ള ക്രൈസ്തവരാണ് ഇപ്പോൾ അറസ്റ്റിലായിരിക്കുന്നത്. ചിലർക്ക് ജാമ്യം ലഭിച്ചുവെങ്കിലും നിരവധി പേർ ഇപ്പോഴും പോലീസ് കസ്റ്റഡിയിലാണ്. വീടുകളിലും, ഭവനദേവാലയങ്ങളിലും അതിക്രമിച്ച് കയറിയ പോലീസ് കുട്ടികളുടെ മുന്നിൽവെച്ചാണ് അവരുടെ മാതാപിതാക്കളെ അറസ്റ്റ് ചെയ്തതെന്നു ഇറാനിലെ മതസ്വാതന്ത്ര്യ നിരീക്ഷക സംഘടനയായ 'ആർട്ടിക്കിൾ 18' റിപ്പോർട്ടിൽ വ്യക്തമാക്കി.




രാജ്യത്തെ ക്രൈസ്തവർക്കെതിരെ നടത്തുന്ന പുതിയ അടിച്ചമർത്തലിന്റെ ഭാഗമായിട്ടാണ് പുതിയ അറസ്റ്റുകളെ കണക്കാക്കി വരുന്നത്. ലോകത്ത് ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ പീഡിപ്പിക്കപ്പെടുന്ന രാഷ്ട്രങ്ങളെ കുറിച്ചുള്ള ഓപ്പൺ ഡോഴ്സിന്റെ ഇക്കൊല്ലത്തെ വാർഷിക റിപ്പോർട്ടിൽ എട്ടാമതാണ് ഇറാന്റെ സ്ഥാനം. നേരത്തെ നിരവധി തവണ പുറത്തുവന്ന വിവിധ റിപ്പോർട്ടുകളിൽ ഇറാനിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടെന്ന് വ്യക്തമായിരിന്നു. ഇറാനിലെ ക്രിസ്ത്യാനികൾ കടുത്ത മതപീഡനമാണ് നേരിടുന്നതെങ്കിലും, യേശുവിലേക്ക് തിരിയുന്നവരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

## യേശുവിൻ തൃപ്പാദത്തിൽ 25-ാമത് പ്രാർത്ഥനാ സംഗമം

കുമ്പനാട്:"യേശുവിൻ തൃപ്പാദത്തിൽ'ഇരുപത്തി അഞ്ചാമത് പ്രാർത്ഥനാ സംഗമം ജൂലൈ 30ന് ഞായറാഴ്ച ഇന്ത്യൻ സമയം രാത്രി 7.00ന് ഓൺലൈനിൽ നടക്കും. അനുഗ്രഹീതരായ ദൈവദാസൻമാരുടെ സന്ദേശങ്ങളും ഗാനശുശ്രൂഷയും ഉണ്ടായിരിക്കും.ID : 828 3015 0680 Password :amen

## മാധ്യമ സെമിനാർ

ഡാളസ്: കേരളാ പെന്തക്കോസ്ത് റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മാധ്യമ സെമിനാർ സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മണിക്ക് കരോൾട്ടണിലെ ഡാളസ് വർഷിപ്പ് സെന്ററിൽ വച്ചു നടക്കുന്ന സെമിനാറിൽ ക്രിസ്തീയ പത്രപ്രവർത്തരും എഴുത്തുകാരുമായ അച്ചൻകുഞ്ഞ് ഇലന്തൂർ, ജെയ്സ് പാണ്ടനാട് എന്നിവർ 'മണിപ്പൂരും ഭാരത ക്രൈസ്തവ സഭയുടെ അതിജീവന ചരിത്രവും' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തും.

ആധുനിക ഭാരതത്തിലെ സമകാലീന രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിൽ ക്രിസ്തീയ വിശ്വാസം നേരിടുന്ന വെല്ലുവിളികൾ, മണിപ്പൂർ ഉൾപ്പെടെ ഭാരതത്തിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മനുഷ്യത്വ രഹിതമായ സംഭവങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

തോമസ് മുല്ലയ്ക്കൽ (പ്രസിഡന്റ്), രാജൂ തരകൻ (സെക്രട്ടറി), തോമസ് ചെല്ലേത്ത്(ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രസ്തുത യോഗത്തിൽ പാസ്റ്റർ ജോൺസൺ സഖറിയ, സാം മാത്യു, എസ് പി ജെയിംസ്, വർഗ്ഗീസ് വർഗ്ഗീസ് എന്നിവർ പങ്കെടുക്കും. വളരെ പ്രയോജനപ്രദമായ ഈ സെമിനാറിലേക്ക് എല്ലാവരെയും ഇതിന്റെ ഭാരവാഹികൾ സ്വാഗതം ചെയ്യുന്നു.
Dallas Worship Center. 1039 N Interstate 35E, Suite # 308 Carrollton, TX 75006

## ബൈബിൾ ബുക്സ് എക്സ്പോ

തിരുവനന്തപുരം ഐ. ബി. എൽ ചെന്നൈ സംഘടിപ്പിക്കുന്ന ബൈബിൾ ബുക്സ് എക്സ്പോ ഓഗസ്റ്റ് 7 മുതൽ 11 വരെ പട്ടം ജോസ്കോക്ക് എതിർ വശത്തുള്ള എസ് .സി .എം ഹാളിൽ നടക്കും. ദിവസവും രാവിലെ 9 മുതൽ വൈകിട്ടു 7 വരെയാണ് പ്രവർത്തന സമയം. ബൈബിൾ , സ്റ്റഡി ബൈബിൾ, ബൈബിൾ ഡിക്ഷണറി, സൺഡേ സ്കൂൾ മേറ്റീരിയൽസ് തുടങ്ങി ബൈബിൾ സംബന്ധമായ ബുക്കുകളുടെ പ്രദർശനവും വില്പനയും എക്സ്പോയിൽ ഉണ്ടാവും. ബ്രദർ ഷാജി, ബ്രദർ ജനകീരാമൻ എന്നിവർ നേതൃത്വം നൽകും . കൂടുതൽ വിവരങ്ങൾക്ക് 9847984956, 0956660 26687. ജയരാജ് ഐസക്

## മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യ സമ്മേളനം നിലമ്പൂരിൽ




എടക്കര : നിലമ്പൂരിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യ വേദിയായ യുണൈറ്റഡ് പെന്തെക്കോസ്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ എടക്കര ഐപിസിയിൽ മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യ സമ്മേളനം നടന്നു. ദുരിതമനുഭവിക്കുന്ന മണിപ്പൂർ ജനതയോട് ഐക്യ ദാർഢ്യം പ്രഖ്യാപിച്ച് പ്രത്യേക പ്രാർത്ഥന നടത്തി. പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ് സമ്മേളനം ഉൽഘാടനം ചെയ്തു. പാസ്റ്റർ വർഗീസ് മാത്യു അധ്യക്ഷത വഹിച്ചു. റവ. ജോൺസൻ തെക്കേടയിൽ മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ വി.ജി. മനോജ് പ്രാർത്ഥനക്കു നേതൃത്വം നല്കി. സെക്രട്ടറി പാസ്റ്റർ പ്രകാശ് സ്റ്റീഫൻ, പാസ്റ്റർ പി.ഡി.സാമുവേൽ (എ.ജി പ്രെസ്ബിറ്റർ ), പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ ,(പ്രസിഡന്റ് അഗപ്പേ മിഷൻ ), പാസ്റ്റർ ഷാജി ശാമുവേൽ , പാസ്റ്റർ ലാലച്ചൻ, പാസ്റ്റർ ജോസുകുട്ടി, പാസ്റ്റർ ബാബു എന്നിവർ പ്രസംഗിച്ചു.

# ഹിമാലയത്തിൽ 600 ദശലക്ഷം വർഷം പഴക്കമുള്ള സമുദ്രജലം കണ്ടെത്തി ഗവേഷകർ

**പുതിയ കണ്ടെത്തലിലൂടെ പുരാതന സമുദ്രത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും കൂടുതൽ വെളിപ്പെടുത്തലുകൾ ഉയർന്നുവരാൻ സാധ്യതയുണ്ട്**

പ്രകൃതിയിലെ അത്ഭുതങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല. ഇപ്പോഴിതാ, സമുദ്രങ്ങളിലെയും ഭൂമിയിലെയും ജീവന്റെ പരിണാമത്തിലേക്ക് വെളിച്ചം വീശിയേക്കാവുന്ന നിർണായക കണ്ടെത്തൽ നടത്തിയിരിക്കുകയാണ് ശാസ്ത്രജ്ഞർ. 600 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ഹിമാലയൻ മേഖലയിലുണ്ടായിരുന്ന ഒരു പുരാതന സമുദ്രത്തിന്റെ അവശിഷ്ടങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്. ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ഐഐഎസ്സി), ജപ്പാനിലെ നീഗാറ്റ സർവകലാശാല എന്നിവിടങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞർ നടത്തിയ ഗവേഷണത്തിലാണ് നിർണായക കണ്ടെത്തൽ.

കാൽസ്യം, മഗ്നീഷ്യം കാർബണേറ്റുകൾ എന്നിവയാൽ സമ്പന്നമായ ധാതു നിക്ഷേപങ്ങൾ ആണ് ഹിമാലയത്തിൽ നിന്ന് കണ്ടെത്തിയിട്ടുള്ളത്. പുതിയ കണ്ടെത്തലിലൂടെ പുരാതന സമുദ്രത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും കൂടുതൽ വെളിപ്പെടുത്തലുകൾ ഉയർന്നുവരാൻ സാധ്യതയുണ്ട്. 700 മുതൽ 500 ദശലക്ഷം വർഷങ്ങൾക്ക് മുൻപ്, സ്നോബോൾ എർത്ത് ഗ്ലേസിയേഷൻ എന്ന് വിളിക്കപ്പെടുന്ന കട്ടിയുള്ള മഞ്ഞുപാളികൾ ഭൂമിയെ വളരെക്കാലം മൂടിയിരുന്നുവെന്ന് ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. ഇത് പിന്നീട് ഭൂമിയുടെ അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് വർധിപ്പിക്കുകയും സങ്കീർണമായ ജീവരൂപങ്ങളുടെ പരിണാമത്തിലേക്ക് നയിക്കുകയും ചെയ്തതായി ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.



# രണ്ട് ദിവസത്തെ സന്ദർശനത്തിനായി 'ഇന്ത്യ' സംഘം ഇന്ന് മണിപ്പൂരിൽ

ഇംഫാൽ:പാർലമെന്റിലെ പ്രതിഷേധത്തിനൊപ്പം സംസ്ഥാനത്തെ യഥാർഥ സാഹചര്യം ആഴത്തിലറിയുക എന്ന ലക്ഷ്യത്തോടെ പ്രതിപക്ഷ പാർട്ടി സഖ്യമായ 'ഇന്ത്യ' പ്രതിനിധികൾ ഇന്ന് മണിപ്പൂരിലെത്തും. പാർലമെന്റിൽ മണിപ്പൂർ വിഷയത്തിൽ അവിശ്വാസപ്രമേയ അവതരണത്തിന് മുന്നോടിയായാണ് സന്ദർശനം. 20 പ്രതിപക്ഷ പാർട്ടികളുടെ പ്രതിനിധികളാണ് സംഘത്തിലുള്ളത്. ഇതിൽ 20 എംപിമാരും ഉൾപ്പെടും. രണ്ട് ദിവസം പ്രതിപക്ഷ സംഘം മണിപ്പൂരിൽ തുടരും. സംസ്ഥാനത്തെ താഴ്വരകളിലും മലയോരമേഖലകളിലും സന്ദർശനം നടത്തും. അഭയാർഥി ക്യാമ്പുകളിലെ സാഹചര്യവും വിലയിരുത്തും. ശേഷം മണിപ്പൂർ ഗവർണറേയും പ്രതിപക്ഷസംഘം കാണും. കോൺഗ്രസ് ലോക്സഭാ കക്ഷി നേതാവ് അധീർ രഞ്ജൻ ചൗധരി, അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയ ഉപനേതാവ് ഗൗരവ് ഗോഗോയ്, ജെഡിയുവിൽ നിന്ന് ലാലൻ സിങ്, തൃണമൂൽ കോൺഗ്രസ് പ്രതിനിധി സുസ്മിത ദേവ്, ഡിഎംകെയിൽ നിന്ന് കനിമൊഴി, സിപിഐയുടെ പി സന്തോഷ് കുമാർ, സിപിഎമ്മിന്റെ എ എ റഹീം, ആർജെഡിയുടെ മനോജ് ഝാ, സമാജ്‌വാദി പാർട്ടിയിൽ നിന്ന് ജാവേദ് അലി ഖാൻ, ജെഎംഎമ്മിന്റെ മഹുവ മാജി, എൻസിപിയുടെ മുഹമ്മദ് ഫൈസൽ, ഐയുഎംഎല്ലിന്റെ ഇ ടി മുഹമ്മദ് ബഷീർ, ആർഎസ്പിയുടെ എൻ കെ പ്രേമചന്ദ്രൻ, എഎപിയുടെ സുശീൽ ഗുപ്ത, ശിവസേനയിൽ നിന്ന് അരവിന്ദ് സാവന്ത്, വിസികെയിൽ നിന്ന് രവികുമാർ തിരുമാവളവൻ, ആർഎൽഡിയുടെ ജയന്ത് ചൗധരി എന്നിവരും സംഘത്തിലുണ്ട്.

## ഐപിസി സ്റ്റേറ്റ് കൺവൻഷൻ : വടക്കേഞ്ചേരിയിൽ ഒരുക്കങ്ങൾ ആരംഭിച്ചു

കുമ്പനാട് : ഐപിസി കേരളാ സ്റ്റേറ്റ് കൺവൻഷൻ നവംബർ 29 മുതൽ ഡിസം. 3 വരെ പാലക്കാട് വടക്കഞ്ചേരിയിൽ നടക്കും. ജൂലൈ 24 ന് വടക്കഞ്ചേരിയിൽ നടന്ന ആലോചന മീറ്റിംഗിൽ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ പങ്കെടുത്തു കൺവൻഷൻ ക്രമീകരണങ്ങൾ വിലയിരുത്തി.വിവിധ സബ് കമ്മിറ്റി ഭാരവാഹികൾ പങ്കെടുത്തു. സെന്റർ ശുശ്രൂഷകന്മാരായ പാസ്റ്റർ ജോസ് വർഗീസ് , ടി.പി. പൗലോസ് , ജന. ജോയിന്റ് കൺവീനർ ജിമ്മി കുര്യാക്കോസ് , ജോ. കൺവീനർമാരായ ജോർജ് തോമസ് വടക്കഞ്ചേരി , പി.വി. മാത്യു, കൗൺസിലംഗങ്ങളായ പാസ്റ്റർ മാത്യു കെ. വർഗീസ്, എബ്രഹാം വടക്കേത്ത് , വിൽസൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു. കൺവൻഷന്റെ അനുഗ്രഹത്തിനായി ഓഗ.2 ന് വടക്കഞ്ചേരിയിൽ പ്രാർഥന നടക്കും.

## ബംഗാൾ ഉൾക്കടലിൽ കുടുങ്ങിയ തൊഴിലാളികളെ ഇന്ത്യൻ നാവികസേന രക്ഷപ്പെടുത്തി

ഇന്ത്യൻ നാവികസേനയുടെ കപ്പൽ ഖഞ്ചർ, തമിഴ്നാട് തീരത്ത് നിന്ന് 130 നോട്ടിക്കൽ മൈൽ അകലെ കുടുങ്ങിയ 36 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി തിരിച്ചെത്തിച്ചതായി നാവികസേനാ വക്താവ് കമാൻഡർ വിവേക് മധ്വാൾ പറഞ്ഞു. തമിഴ്നാട് തീരത്ത് നിന്ന് ഏകദേശം 130 എൻഎം അകലെ ശബരനാഥൻ, കലൈവാണി, വി സാമി എന്നീ മൂന്ന് മത്സ്യബന്ധന കപ്പലുകൾ കണ്ടെത്തി. 36 മത്സ്യത്തൊഴിലാളികളുണ്ടായിരുന്ന കപ്പലുകൾ തമിഴ്നാട്ടിലെ നാഗപട്ടണത്തുനിന്നുള്ളവയാണ്. എഞ്ചിൻ തകരാർ കാരണം മത്സ്യത്തൊഴിലാളികൽ രണ്ട് ദിവസത്തിലേറെയായി കടലിൽ കുടുങ്ങിക്കിടക്കുകയാണെന്ന് കമാൻഡർ മധ്വാൾ പറഞ്ഞു. മൂന്ന് കപ്പലുകളും ചെന്നൈ തുറമുഖത്തേക്ക് സുരക്ഷിതമായി തിരിച്ചെത്തിയതായി കമാൻഡർ അറിയിച്ചു. നിലവിൽ ഇന്ത്യൻ നാവികസേനയിൽ സേവനത്തിലുള്ള ഒരു തദ്ദേശീയ ഖുക്രി ക്ലാസ് മിസൈൽ കോർവെറ്റാണ് ഐഎൻഎസ് ഖഞ്ചർ.

CNL7 MEDIA
Vol. 2 Issue 176
CHRISTIANLIVE DAILY
29
Saturday
Pages 5
545

